**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 56** **27-06-2022 - ൽ മറുപടിയ്ക്ക്**

**എൻ.സി.സി. നാഷണൽ ട്രെയിനിംഗ് സെന്റർ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | എൻ.സി.സി. കേഡറ്റുകൾക്കായി കുട്ടനാട്ടിൽ കിടങ്ങറയിൽ സ്ഥാപിക്കുന്ന നാഷണൽ ട്രെയിനിംഗ് സെന്റർ നിർമ്മാണത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; ഇത് സംബന്ധിച്ച് എന്തെങ്കിലും കേസ് നിലവിലുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | കുട്ടനാട് താലൂക്കിൽ 25 സെന്റ് റവന്യൂ പുറമ്പോക്ക് ഭൂമി 5 കേരള നേവൽ എൻ.സി.സി.-യ്ക്ക് അനുവദിച്ചിട്ടുണ്ട്. പ്രസ്തുത ഭൂമിയിൽ നേവൽ ഓഫീസ്, നേവൽ ട്രെയിനിംഗ് സെന്റർ, ബോട്ട് ഹൗസ് എന്നിവ നിർമിക്കുന്നതിനുള്ള രൂപരേഖയും എസ്റ്റിമേറ്റും പൊതുമരാമത്ത് വകുപ്പ് ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതി ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തുകയും 5.15 കോടി രൂപ നിർമാണ പ്രവൃത്തികൾക്കായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. റവന്യൂ വകുപ്പ് അനുവദിച്ചിട്ടുള്ള പ്രസ്തുത ഭൂമിയുമായി ബന്ധപ്പെട്ട് ആലപ്പുഴ മുൻസിഫ് കോടതിയിൽ O.S.No. 285/2019, I.A.No.1605/2019 എന്നീ നമ്പരുകളിലായി രണ്ട് അതിർത്തിതർക്ക കേസുകൾ നിലവിലുണ്ട്. |
| (ബി) | സർക്കാർ കൈമാറ്റം ചെയ്ത ഭൂമിയിൽ ട്രെയിനിംഗ് സെന്ററിന്റെ നിർമ്മാണം സമയ ബന്ധിതമായി പൂർത്തികരിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടെങ്കിൽ ബന്ധപ്പെട്ടവരുമായി ചർച്ച നടത്തി പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (ബി) | ആലപ്പുഴ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ബന്ധപ്പെട്ടവരുമായി ചർച്ച നടത്തി ട്രെയിനിംഗ് സെന്റർ നിർമാണവുമായി ബന്ധപ്പെട്ട തടസ്സങ്ങൾ പരിഹരിക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നു. |
| (സി) | ട്രെയിനിംഗ് സെന്റർ യാഥാർഥ്യമാകുന്നതോടെ കുട്ടനാട്ടിലെ ജനങ്ങൾക്കും രാജ്യത്തിനും എന്തെല്ലാം ഗുണങ്ങളാണ് ലഭിക്കുന്നതെന്നു വ്യക്തമാക്കുമോ; | (സി) | കേരളത്തിൽ പൊതുവെയും കുട്ടനാട് പ്രദേശത്ത് വിശേഷിച്ചും കൂടെക്കൂടെ ഉണ്ടാകുന്ന പ്രളയ ഭീഷണിയുടെയും മഴക്കെടുതികളുടെയും പശ്ചാത്തലത്തിൽ, കുട്ടനാട് നേവൽ ട്രെയിനിംഗ് സെന്ററിനായി അനുവദിച്ച ബോട്ടുകളും അനുബന്ധ ഉപകരണങ്ങളും പ്രസ്തുത സാഹചര്യങ്ങളിൽ ഉപയോഗപ്പെടുത്താൻ കഴിയുന്നതും, വിദഗ്ധരായ നേവി ഉദ്യോഗസ്ഥരുടെയും പരിശീലനം ലഭിച്ച എൻ.സി.സി. കേഡറ്റുകളുടെയും സേവനം ജില്ലാ ഭരണകൂടത്തിന് ലഭ്യമാകുന്നതുമാണ്. കൂടാതെ, അടിയന്തര സാഹചര്യങ്ങളിൽ 500 ആളുകളെ മാറ്റി |

| | | | |
|---|---|---|---|
| | | | പാർപ്പിക്കുന്നതിനുള്ള ദുരന്ത നിവാരണ ക്യാമ്പായി ഉപയോഗിക്കാൻ സാധിക്കുന്ന വിധത്തിലാണ് പദ്ധതി രൂപകല്പന ചെയ്തിട്ടുള്ളത്. |
| (ഡി) | ട്രെയിനിങ് സെന്ററിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് എന്ന് വ്യക്തമാക്കുമോ ? | (ഡി) | റവന്യൂ വകുപ്പ് അനുവദിച്ചിട്ടുള്ള 25 സെന്റ് ഭൂമിയുമായി ബന്ധപ്പെട്ട അതിർത്തിതർക്ക പ്രശ്നങ്ങൾ പരിഹരിക്കുന്ന മുറയ്ക്ക് നിർമാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ